# അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ 20 ദിവസം നീണ്ടുനിന്ന പതിനഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. അൻപത് വർഷത്തിലധികമായി നമ്മുടെ സഭയിലെ അംഗമായിരുന്ന കെ. എം. മാണിയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി ആദ്യദിനമായ 2019 മേയ് 27-ന് സഭ പിരിയുകയാണുണ്ടായത്.

2019-2020 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി ചർച്ച ചെയ്തു പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം. 2019 മേയ് 27-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ഇന്നവസാനിക്കുന്നത് 2019-ലെ കേരള ധനകാര്യബിൽ പാസ്സാക്കുന്നതുൾപ്പെടെയുള്ള ധനസംബന്ധമായ എല്ലാ നടപടികളും മാതൃകാപരമായും സമയബന്ധിതമായും പൂർത്തീകരിച്ചുകൊണ്ടാണ്. കഴിഞ്ഞ വർഷം മാർച്ച് 31-ന് മുൻപുതന്നെ ധനകാര്യ സംബന്ധമായ എല്ലാ നടപടികളും പൂർത്തീകരിക്കാൻ സഭയ്ക്ക് സാധിച്ചിരുന്നു. എന്നാൽ ഈ വർഷം ലോക്സഭ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചതുകാരണം വോട്ട്-ഓൺ-അക്കൗണ്ട് പാസ്സാക്കേണ്ടി വരികയും ബജറ്റ് നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയും ചെയ്തു.

പതിനഞ്ചാം സമ്മേളന കാലയളവിൽ സഭ സമ്മേളിച്ച 20 ദിവസങ്ങളിൽ 13 ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്കായും 3 ദിവസം നിയമ നിർമ്മാണത്തിനും 1 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കി വയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽ 2 ധനവിനിയോഗ ബില്ലുകൾക്കുപുറമേ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലും സഭ പാസ്സാക്കി. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച ഒരു ദിവസം 5 സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവയ്ക്കപ്പെട്ട സമയം ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ നവാഗതരായ അംഗങ്ങൾ കാണിക്കുന്ന ഔത്സുക്യം അങ്ങേയറ്റം അനുകരണീയവും അഭിനന്ദനാർഹവുമാണ്.

പതിനാറ് അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകളാണ് സമ്മേളനകാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. അതിൽ കിഫ്ബി ധനസമാഹരണത്തിന്റെ ഭാഗമായി പുറത്തിറക്കിയ മസ്സാല ബോണ്ടുമായി ബന്ധപ്പെട്ട ദുരൂഹത മൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന് ശ്രീ. കെ. എസ്. ശബരീനാഥൻ

നൽകിയ നോട്ടീസ് 2019 മേയ് 28-ന് സഭ ചർച്ചചെയ്യുകയുണ്ടായി.

ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 570 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 6181 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 60 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 444 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ഒരു അടിയന്തരചോദ്യം അനുവദിക്കുകയും അതിന്മേൽ രണ്ടു ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർ അതത് ദിവസംതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവർ സമ്മേളനകാലയളവിൽതന്നെ തങ്ങളുടെ എല്ലാ

ചോദ്യങ്ങൾക്കും മറുപടി നൽകി മാതൃകാപരമായി പ്രവർത്തിക്കുകയുണ്ടായി. അക്കാര്യത്തിൽ ചെയർ ബഹുമാനപ്പെട്ട മന്ത്രിമാരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

അതോടൊപ്പം 34 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 210 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളന കാലയളവിൽ സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

സംസ്ഥാനത്ത് ഏജന്റുമാർ മുഖേന വിൽക്കുന്ന ലോട്ടറികളുടെ ജി.എസ്.ടി. കുറച്ച് സർക്കാർ ലോട്ടറികളുടേതിന് തുല്യമാക്കാൻ നടക്കുന്ന ജി.എസ്.ടി. കൗൺസിലിന്റെ നീക്കം ഒഴിവാക്കണം എന്നും രാജ്യത്താകെ വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഈ സമ്മേളനകാലത്ത് സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. അടൂർ പ്രകാശ്, ശ്രീ. കെ. മുരളീധരൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. എ. എം. ആരിഫ് എന്നിവർ ഈ സമ്മേളനകാലത്ത് തങ്ങളുടെ നിയമസഭാംഗത്വം രാജിവയ്ക്കുകയുണ്ടായി.

സമ്മേളന കാലയളവിൽ സാംസ്കാരിക പരിപാടികളുടെയും സംഗീത

സന്ധ്യകളുടെയും സമ്പന്നമായ അന്തരീക്ഷം ഉണ്ടായി. ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, സൂഫി സംഗീതം, ഖവാലി, നൃത്തസന്ധ്യ, ക്ലാസിക്കൽ നൃത്തം, മത്സ്യത്തൊഴിലാളി കലാസന്ധ്യ എന്നിങ്ങനെ വൈവിധ്യം നിറഞ്ഞ സമന്വയ സമൂഹത്തിന്റെ പ്രതിഫലനം ശ്രദ്ധേയമായി.

ലോകകപ്പ് ക്രിക്കറ്റ് ആവേശം ഏറ്റുവാങ്ങി കേരള പത്ര പ്രവർത്തക യൂണിയന്റെ ആഭിമുഖ്യത്തിൽ സാമാജികരും പത്രപ്രവർത്തകരും തമ്മിൽ ഇന്നലെ (03-07-2019) തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ ശ്രീ. കോവൂർ കുഞ്ഞുമോന്റെ നേതൃത്വത്തിലുള്ള സാമാജികരുടെ ടീമായ സ്പീക്കേഴ്സ് ഇലവൻ വിജയിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സ്പീക്കേഴ്സ് ഇലവനെ വിജയിപ്പിച്ച എല്ലാ ടീം അംഗങ്ങൾക്കും ചെയറിന്റേയും സഭയുടേയും അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

സഭാ സമ്മേളനം, നടപടി പൂർത്തിയാക്കി കൃത്യസമയത്തുതന്നെ പിരിയത്തക്കവിധം സമയം ക്രമീകരിക്കാൻ നിരന്തരം ശ്രമിക്കുന്നുവെങ്കിലും പലപ്പോഴും ശൂന്യവേളയിലെ നടപടി ക്രമത്തിലും അംഗങ്ങളുടെ പ്രസംഗത്തിലും മന്ത്രിമാരുടെ മറുപടിയിലും സമയനിഷ്ഠ പാലിക്കുന്ന കാര്യത്തിൽ ഈ സമ്മേളനകാലത്തും വേണ്ടത്ര വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞില്ല. സമയനിഷ്ഠ ആന്തരികമായ ബോധ്യത്തിൽകൂടി സംഭവിക്കേണ്ടതാണ്. പരത്തിപ്പറഞ്ഞ്

മലവെള്ളം ഒഴുക്കലല്ല ചുരുക്കത്തിലുള്ള സൂക്ഷ്മമായ ജലസേചനമാണ് എന്തിനെയും പുഷ്ക്കലമാക്കുക. അതിനാൽ പ്രതിഷേധങ്ങൾക്കിടയിലും ചെയർ അതിനായി ശ്രമിച്ചുകൊണ്ടേയിരിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു. സമ്പൂർണ്ണമായും നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം ഉടൻതന്നെ ചേർന്നുകൊണ്ട് പ്രധാനപ്പെട്ട ബില്ലുകൾ നിയമമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുമെന്ന് ചെയർ കരുതുകയാണ്.

പതിനഞ്ചാം സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദിരേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യമാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.. ഓർഡർ.. സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ വൈകുന്നേരം 6.12-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*******